28/10/2020
WEDNESDAY

# MALAYALAM
## (Adisthana Padavali)

STD - 8
Class - 15

### Assignment

1) അമ്മയും കൊച്ചു ചക്കരച്ചിയും തമ്മിലുള്ള കഥയിൽ ആവിഷ്കരിക്കുന്നതെങ്ങനെ - ആസ്വാദനക്കുറിപ്പ് എഴുതുക.

Ans) ലേഖകന്റെ തറവാട്ടിൽ ഒരംഗത്തെപ്പോലെതന്നെ പരിഗണിച്ചിരുന്ന മാവാണ് കൊച്ചുചക്കരച്ചി. കൊച്ചുചക്കരച്ചിയുടെ തടിക്ക് കേടുവന്നപ്പോൾ അത് വെട്ടണമെന്ന് ലേഖകൻ വാദിച്ചു. എന്നാൽ അമ്മ അത് സമ്മതിച്ചില്ല. കൊച്ചുചക്കരച്ചി വീഴില്ല. വീണാലും അവൾ ആപത്തു വരുത്തുകയില്ല എന്ന് അമ്മ ഉറച്ച് വിശ്വസിച്ചു. കാറ്റും മഴയും വരുമ്പോൾ അമ്മ പൂമുഖത്ത് ചെന്നിരിക്കും. കൊച്ചുചക്കരച്ചി ചതിക്കില്ല എന്ന വിശ്വാസമോ, മാവ് വീണ് പൂമുഖവും അറയും തകർക്കുമെങ്കിൽ അതോടെ താനും ഇല്ലാതാകട്ടെ എന്ന വിചാരമോ ആയിരിക്കാം ആ ഇരിപ്പിനു പിന്നിൽ. അമ്മയുടെ വിശ്വാസംപോലെ കൊച്ചുചക്കരച്ചി വീണപ്പോൾ ഒരപകടവും വരുത്തിയില്ല. പുതുതായി ഉണ്ടായ മാവിൻതയ്യിനെ 'കൊച്ചു ചക്കരച്ചിയുടെ മകൾ' എന്ന നിലയിൽ അമ്മ വാത്സല്യത്തോടെ വളർത്തുന്നതും ലേഖനത്തിൽ കാണാം. കേവലം മരവും അമ്മയും തമ്മിലുള്ള ബന്ധമല്ല, ഒരു കുടുംബത്തിലെ അംഗത്തെപ്പോലെ മരത്തെയും സ്നേഹിക്കുന്നതാണ് നാം ഈ കഥയിൽ കാണുന്നത്.

2) 4. • അങ്ങനെ പല പല മാവുകൾ അവരുടെ പ്രത്യേക സ്വാദുകളുമായി ഓടി എത്തുന്നു.

- പച്ചമാങ്ങ അല്പം ഉപ്പുചേർത്ത് കറുമുറാ കറുമുറാ ചവച്ചു തിന്നാൽ, കുത്തിയൊലിക്കുന്ന ഉമിനീരിന്റെ (കൊതി) വേഗം കൊണ്ട് അണകൾ കോച്ചിപ്പോകും.
- തുലാവർഷക്കാറ്റുകളും കാലവർഷക്കാറ്റുകളും ആ മുത്തശ്ശിയുടെ നിബിഡവും ശ്യാമളവുമായ തലമുടികളിൽക്കൂടെ വിരലോടിച്ചുപോവുക മാത്രം ചെയ്തു; തള്ളി ഇട്ടില്ല.

ലേഖനത്തിലെ വിവിധ സന്ദർഭങ്ങൾ പരിചയപ്പെട്ടല്ലോ. ഭാഷയുടെ ലാളിത്യവും സൗന്ദര്യവുമുള്ള കൂടുതൽ ഉദാഹരണങ്ങൾ പാഠഭാഗത്തുനിന്നു കണ്ടെത്തി എ.പി. ഉദയഭാനുവിൻെറ രചനാശൈലിയെക്കുറിച്ച് ഉപന്യാസം തയാറാക്കുക.

**ഉത്തരമാതൃക**

ഒരു ചെറുകഥപോലെ വായിച്ചുപോകാവുന്ന ലേഖനമാണ് എ.പി. ഉദയഭാനുവിന്റെ കൊച്ചുചക്കരച്ചി. അനുഭവത്തിന്റെ തീവ്രത ലളിതമായ ഭാഷയിൽ ആവിഷ്കരിക്കുന്ന ലേഖനമാണിത്. കാവ്യാത്മകമായ ഒട്ടേറെ വർണനകൾ ഈ ലേഖനത്തിലുണ്ട്. ''സർവവൃക്ഷങ്ങൾക്കും മീതെ എന്നു ഭാവിച്ചുനിൽക്കുന്ന അശ്വത്ഥമോ ഘനസുഗന്ധിയായ സ്വർണപ്പൂക്കൾ വിരിയിച്ചു നിൽക്കുന്ന ചെമ്പകമോ സുരഭില സ്വർണ്ണനക്ഷത്രങ്ങൾ പൂക്കുന്ന ഇലഞ്ഞിയോ രജതനക്ഷത്രങ്ങൾ പൂക്കുന്ന പുന്നയോ, പൊന്നശോകംപോലുമോ അല്ല കവിഭാവനയെ ഏറ്റവും ഉദ്ദീപ്തവും ഉന്മത്തവുമാക്കിയിട്ടുള്ളത്. ആ ബഹുമതി മാവിനുതന്നെയാണ്'' എന്നെഴുതുമ്പോൾ കവിതയോടടുത്തുനിൽക്കുന്ന ആഖ്യാനമാണ് കാണാൻ കഴിയുന്നത്.

''കർക്കടകമാസത്തിലെ കറുത്തവാവിൻ നാളിൽ ആകാശത്തിനു താഴെ തന്റെ ഇലപ്പടർപ്പുകൾകൊണ്ട് മറ്റൊരാകാശം സൃഷ്ടിച്ച് മിന്നാമിനുങ്ങുകളെക്കൊണ്ട് നക്ഷത്രനിബിഡമായി നിൽക്കുന്നത് ആസന്നമായ വേർപാടിന്റെ ബോധത്തെയും വേദനയെയും ഉൽക്കടമാക്കിത്തീർത്തു.'' ഇത് വായിക്കുമ്പോൾ മാവിന്റെ ഗംഭീരവും മനോഹരവുമായ നില്പ് വായനക്കാരന്റെ മനസ്സിൽ വന്നു നിറയുന്നു. അതോടൊപ്പം മാവിനു സംഭവിക്കാൻ പോകുന്ന ആപത്ത് വായനക്കാരെ ആശങ്കാകുലരാക്കുകയും ചെയ്യുന്നു. ലേഖകൻെറ വികാരം നമ്മിലേക്കും പകർന്നു നൽകുന്നതരത്തിലാണ് ലേഖനത്തിന്റെ അവതരണം.